LIBRARY ARCHIVES Kerala Legislative Assembly

മംഗലപ്പാടി പി.എച്ച്.സി. കമ്മ്യൂണിറ്റി സെന്റർ ആയി ഉയർത്താൻ നടപടി

141 [146] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ മംഗലപ്പാടി പി.എച്ച്.സി.-യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രിയുടെ നവീകരണവും നിയമനങ്ങളും

142 [147] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം ഗവൺമെന്റ് രാമറാവു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി അനുവദിച്ച തസ്തികകളിലേക്ക് ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനർവിന്യാസത്തിലൂടെ തസ്തികകൾ നികത്തുന്നതിനുള്ള ചില തടസ്സങ്ങളാണ് കാലതാമസത്തിന് കാരണം.

(ബി) ഡോക്ടർമാരെ നിയമിച്ചിട്ടില്ല. രണ്ട് സ്റ്റാഫ് നേഴ്സിനേയും ഒരു ഓഫ്താൽമിക് അസിസ്റ്റന്റിനേയും പുനർവിന്യാസം വഴി നിയമിച്ചിട്ടുണ്ട്.

(സി) പുനർവിന്യാസം വഴി ഡോക്ടർമാരെ നിയമിക്കാൻ ശ്രമിച്ചുവരുന്നു.

ഓഫ്താൽമിക് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം

143 [148] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ അധീനതയിൽ ഓഫ്താൽമിക് മൊബൈൽ യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങിയിട്ട് എത്രനാളായി;

(ബി) ഈ മൊബൈൽ യൂണിറ്റ് ഏതുതരം വാഹനത്തിലാണ് പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനസമയം എപ്പോഴാണ്;

(ഡി) പ്രസ്തുത യൂണിറ്റിൽ കീഴിൽ ഇതുവരെ എത്ര രോഗികളെ പരിശോധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ വാഹനം പ്രവർത്തനമില്ലാത്തപ്പോൾ എവിടെയാണ് പാർക്ക് ചെയ്യുന്നത്;

(എഫ്) ഈ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനപരിധി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ മൊബൈൽ യൂണിറ്റ് 1994 ആഗസ്റ്റ് 17 മുതൽ പ്രവർത്തിച്ചു തുടങ്ങി.

(ബി) സ്വരാജ് മസ്ത വാഹനത്തിലാണ് യൂണിറ്റ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഡ്രൈവർ ഇല്ലാത്തതിനാൽ ഡി.എം.ഒ.-യുടെ ഓഫീസിലെ ലഭ്യമായ ഏതെങ്കിലും വാഹനത്തിലാണ് മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനസമയം രാവിലെ 8.30 മുതൽ വൈകിട്ട് 3 മണിവരെയാകുന്നു.

(ഡി) പ്രസ്തുത യൂണിറ്റിൽ ഇതുവരെ ഒരുലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രോഗികളെ പരിശോധിച്ചിട്ടുണ്ട്.

(ഇ) യൂണിറ്റിന്റെ വാഹനം ഡ്രൈവർ ഇല്ലാത്തതിനാൽ തിരുവനന്തപുരം ജനറൽ ആശുപത്രി ഷെഡ്ഡിൽ പാർക്ക് ചെയ്തിരിക്കുന്നു.

(എഫ്) ഈ മൊബൈൽ യൂണിറ്റ് തിരുവനന്തപുരം ജില്ലയുടെ എല്ലാ ഗ്രാമ പ്രദേശങ്ങളിലും പ്രവർത്തിക്കുന്നു.

ഹെൽത്ത് സർവീസസ് വകുപ്പിലെ സ്പെഷ്യാലിറ്റി കേഡർ സംവിധാനം

144 [149] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവീസസ് വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം എന്നാണ് നിലവിൽ വന്നത്;

(ബി) ഈ സംവിധാനം അനുസരിച്ച് ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിയമനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, എന്നത്തേക്ക് നടത്താൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly